LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റ് ഡയറി ലാബിലേയ്ക്കും സാമ്പിൾ ലഭ്യമാക്കാറുണ്ട്. ഗുണനിലവാരം ഉറപ്പാക്കുന്നതിനായുള്ള നിരന്തരമായുള്ള പരിശോധനകൾ കൂടാതെ ഓണം പോലുള്ള ആഘോഷ വേളകളിൽ പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും അല്ലാതെയും ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ നടത്തിവരുന്നു. 2019 ജൂൺ മാസം മുതൽ നാളിതുവരെ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ ഇത്തരം പരിശോധനകളിൽ അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവന്ന 559 പാൽ സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധനകൾ നടത്തിയിട്ടുണ്ട്. ഈ പരിശോധനകളിൽ ആരോഗ്യത്തിന് ഹാനികരമായോ, ഗുണനിലവാരമില്ലാത്തതോ ആയ പരിശോധനാ ഫലം ലഭിക്കുന്ന ബ്രാൻഡുകൾക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) പാഠശാലയിൽ ആരംഭിച്ച ക്ഷീരപരിശോധനാ ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരി ച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

പാഠശാലയിൽ ആരംഭിച്ച ചെക്ക്പോസ്റ്റിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുകയും പദ്ധതി വിഹിതത്തിൽനിന്നും ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുകയും ചെയ്തു. 24 മണിക്കൂറും തുടർച്ചയായി പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിനായി തിരുവനന്തപുരം ഗുണനിയന്ത്രണ ഓഫീസറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പാൽ വിതരണം ഫോയിൽഡ് പേപ്പർ കവറുകളിലാക്കുന്നതിന് നടപടി

364 (1349) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് നിരോധനം നിലവിലുള്ളതിനാൽ സംസ്ഥാനത്തെ പാൽ വിതരണം ഫോയിൽഡ് പേപ്പർ കവറുകളിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പാൽ കവറുകൾ നിരോധിത പ്ലാസ്റ്റിക്ക് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ ഫോയിൽഡ് പേപ്പർ കവറുകളിൽ വിതരണം നടത്തുന്നതിന് പ്രത്യേകം നിർദ്ദേശം നൽകേണ്ട സാഹചര്യം നിലവിലില്ല. വെർജിൻ ഗ്രാന്യൂൾ ഉപയോഗിച്ചുള്ള എൽ.ഡി.പി.ഇ. ഫിലിമിനോടൊപ്പം ടെടാപായ്ക്ക്, ഫ്ളെക്സി പായ്ക്ക് എന്നീ തരത്തിലുള്ള അലൂമിനിയം ഫോയിലുള്ള പേപ്പർ കവറുകളിലും മിൽമപാൽ പായ്ക്ക് ചെയ്തുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉപയോഗശേഷം പ്ലാസ്റ്റിക് കവറുകൾ തിരിച്ചെടുക്കുന്നതിന് മിൽമ സ്വീകരിച്ച നടപടികൾ ഫലപ്രദമായിരുന്നോ എന്നറിയിക്കാമോ?

ക്ഷീരമാലിന്യ നിർമ്മാർജ്ജനത്തിന്റെ പ്രാരംഭനടപടിയെന്ന നിലയ്ക്ക് സംസ്ഥാന സർക്കാരിനുകീഴിലുള്ള ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തെ പ്ലാസ്റ്റിക് പാക്കേജുകൾ പുനരുപയോഗാർത്ഥം ശേഖരിക്കുന്നതിന് ചുമതലപ്പെടുത്തുകയും കേരളത്തിലുടനീളമുള്ള മിൽമയുടെ ഡീലർ പോയിന്റുകളിലൂടെ ഉപയോഗിച്ച പാൽ കവറുകൾ ശേഖരിക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. ഓരോ മാസവും തിരിച്ചെടുക്കുന്ന പ്ലാസ്റ്റിക്കിന് നിർമ്മാതാവിൽനിന്നും കിലോഗ്രാമിന് ഒരു നിശ്ചിത തുക യൂസർ ഫീ കണക്കാക്കി പിരിക്കാനും ഇങ്ങനെ ലഭിക്കുന്ന തുക തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്വരൂപിക്കണമെന്നും ഈ തുക ഉപയോഗം കഴിഞ്ഞ് തിരിച്ചെടുക്കുന്ന പായ്ക്കറ്റുകളുടെ സംസ്കരണം, നീക്കം ചെയ്യൽ എന്നിവയ്ക്ക് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിഗണനയിലാണ്. കോവിഡ് മഹാമാരിയും അനുബന്ധ ലോക്ഡൗണും കാരണം ഉപയോഗശേഷമുള്ള പ്ലാസ്റ്റിക് കവറുകൾ തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ പൂർണമായും ഫലവത്തായിട്ടില്ല. താമസംവിനാ അത് പൂർണ്ണഫലപ്രാപ്തിയിലാകുന്നതാണ്.

(സി) പ്ലാസ്റ്റിക് നിരോധനത്തിനുശേഷവും സംസ്ഥാനത്ത് സ്വകാര്യ പാൽ കമ്പനികൾ പ്ലാസ്റ്റിക് കവറുകളിൽ പാലും പാലുത്പന്നങ്ങളും വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഉണ്ട്. പാൽ കവറുകൾ നിരോധിത പ്ലാസ്റ്റിക് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ നിലവിൽ സംസ്ഥാനത്ത് സ്വകാര്യ പാൽ കമ്പനികൾക്ക് പ്ലാസ്റ്റിക് കവറുകളിൽ പാലും പാലുത്പന്നങ്ങളും വിൽപ്പന നടത്താവുന്നതാണ്. Extended producer responsibility അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.